"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യ സംഭരണ കേന്ദ്രങ്ങൾ (എം.സി.എഫ്. , ആർ.ആർ.എഫ്.), ലെഗസി ഡംപ് സൈറ്റുകൾ എന്നിവിടങ്ങളിൽ തീപിടുത്ത സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളും സുരക്ഷാ സജ്ജീകരണങ്ങളും - കർശന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.442/2024/LSGD തീയതി,തിരുവനന്തപുരം, 24-02-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം.113/2021/LSGD തീയതി 16.01.2021.
2. 11.10.2021-ലെ 4/ഡി.സി.1/2021/തസ്വഭവ നമ്പർ സർക്കുലർ.
3. 02.02.2022-ലെ ഡബ്ല്യൂ.എം.1/40/2022/തസ്വഭവ നമ്പർ സർക്കുലർ.
4. സ.ഉ.(സാധാ)നം.617/2023/LSGD തീയതി 15.03.2023.
5. 20.02.2024-ലെ ഡബ്ല്യൂ.എം.1/40/2022/തസ്വഭവ നമ്പർ സർക്കുലർ.
6. സംസ്ഥാനത്തു താപനില ഉയരുന്ന സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ബഹു. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ 23/02/2024നു 5 മണിക്ക് ഓൺലൈനായി ചേർന്ന യോഗത്തിലെ തീരുമാനം

**<u>ഉത്തരവ്</u>**

മാലിന്യ സംഭരണ കേന്ദ്രങ്ങളിലും ( MCF, RRF ) ലെഗസി ഡംപ് സൈറ്റുകളിലും തീപിടുത്ത സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളും സുരക്ഷാ സജ്ജീകരണങ്ങളും സംബന്ധിച്ച് പരാമർശം 1 മുതൽ 5 വരെയുള്ള ഉത്തരവുകളും സർക്കുലറുകളും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു .

(2) നിലവിൽ അന്തരീക്ഷ താപനില ഉയരുന്ന സാഹചര്യത്തിൽ മാലിന്യ സംഭരണ കേന്ദ്രങ്ങളിലും ഡംപ് സൈറ്റുകളിലും അഗ്നിബാധയുണ്ടാകുന്നത് തടയുന്നതിന് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

( i ) സർക്കാർ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള Checklist ൽ സൂചിപ്പിച്ചിട്ടുള്ള സംവിധാനങ്ങൾ / നടപടികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള മാലിന്യ സംഭരണ കേന്ദ്രങ്ങളിലും (MCF, RRF), ലെഗസി ഡംപ് സൈറ്റുകളിലും ഏർപ്പെടുത്തേണ്ടതാണ് /പൂർത്തി യാക്കേണ്ടതാണ്. ***2024 ഫെബ്രുവരി 29*** നകം ടി Checklist പൂരിപ്പിച്ചു പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

(ii) മാലിന്യ സംഭരണ കേന്ദ്രങ്ങളിലും (MCF, RRF), ലെഗസി ഡംപ് സൈറ്റുകളിലും തീപിടുത്ത

സാഹചര്യം ഒഴിവാക്കുന്നതിന് സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കുന്നതിന്റെയും സുരക്ഷാ സജ്ജീകരണങ്ങൾ ഒരുക്കുന്നതിന്റെയും പൂർണ്ണ ഉത്തരവാദിത്തം ***തദ്ദേശസ്വയംഭരണ സ്ഥാപന മേധാവി, ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സെക്രട്ടറി*** എന്നിവർക്കായിരിക്കും.

(ii) മാലിന്യ സംഭരണ കേന്ദ്രങ്ങളും ( MCF, RRF ), ലെഗസി ഡംപ് സൈറ്റുകളും സന്ദർശിച്ച് അഗ്നി സുരക്ഷാ വിലയിരുത്തൽ നടത്തുന്നതിനായി ചുവടെ പറയുന്ന ഘടനയിൽ ഒരു ഫയർ ഓഡിറ്റ് ടീമിനെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി രൂപീകരിക്കേണ്ടതാണ് .

a. കൗൺസിലർ/വാർഡ് മെമ്പർ

b. ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ

c. തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചിനീയറിംഗ് വിംഗ് പ്രതിനിധി

d. ഫയർ & റസ്ക്യൂ വകുപ്പ് പ്രതിനിധി.

e. റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധി.

(iii) ടി ഫയർ ഓഡിറ്റ് ടീം ***2024 മാർച്ച് 5*** നകം പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുകയും സുരക്ഷാ സജ്ജീകരണങ്ങളുടെ Gap Assessment നടത്തേണ്ടതുമാണ്.

(iv) കണ്ടെത്തുന്ന പോരായ്മകൾ ***2024 മാർച്ച് 15*** നകം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനം പരിഹരിക്കേണ്ടതും Checklist അപ്ഡേറ്റ് ചെയ്ത് സമർപ്പിക്കേണ്ടതുമാണ്.

( v ) മേൽ നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങളുടെ അവലോകനം ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ ***2024 മാർച്ച് 20*** നകം നടത്തേണ്ടതാണ്.

(vi) പരാമർശം 6 യോഗത്തിൽ ബഹു. ചീഫ് സെക്രട്ടറി ഉത്തരവായത് പ്രകാരം **മാർച്ച് 20 ന ശേഷം ഓരോ രണ്ടാഴ്ച കൂടുമ്പോഴും** പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിൽ സുരക്ഷാ സജ്ജീകരണങ്ങൾ സംബന്ധിച്ച അവലോകനയോഗം ചേരേണ്ടതും, സർക്കാരിനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ മുഹമ്മദ് വൈ സഫിറുള്ള
സ്പെഷ്യൽ സെക്രട്ടറി

കോഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

എല്ലാ ജില്ലാ കളക്ടർമാർക്കും.

ഡയറക്ടർ, തദ്ദേശസ്വംഭരണ (അർബൻ) വകുപ്പ്.

ഡയറക്ടർ, തദ്ദേശസ്വംഭരണ (റൂറൽ) വകുപ്പ്.

ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യൂ സർവീസസ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.

പ്രൊജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും

(തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഡയറക്ടർ, ഐ.&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
Date: 24-02-2024 11:24:25
സെക്ഷൻ ഓഫീസർ

പകർപ്പ് :-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

1. ഡംപ് സൈറ്റ്   അഗ്നിസുരക്ഷാ ചെക്ക് ലിസ്റ്റ്

| അഗ്നിസുരക്ഷാ സംവിധാനങ്ങൾ/സൗകര്യങ്ങൾ/നടപടികൾ | ഉണ്ട് | ഇല്ല |
|---|---|---|
| 1. CCTV സംവിധാനം | | |
| a. ഡംപ് സൈറ്റ് പ്രദേശം പൂർണമായി ലഭിക്കുന്ന രീതിയിൽ CCTV സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? | ☐ | ☐ |
| b. നൈറ്റ് വിഷൻ ക്യാമറ | ☐ | ☐ |
| c. 30 ദിവസം തുടർച്ചയായി റെക്കാർഡ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള സൗകര്യം | ☐ | ☐ |
| 2. ഫയർ എക്സ്റ്റിൻഗ്യൂഷർ | | |
| a. 10 ൽ കുറയാത്ത അല്ലെങ്കിൽ ഫയർഫോഴ്സ് അധികൃതർ നിർദ്ദേശിച്ച പ്രകാരമുള്ള ഫയർ എക്സ്റ്റിൻഗ്യൂഷർ അടിയന്തര സാഹചര്യം നേരിടുന്നതിന് ലഭ്യമാണോ? | ☐ | ☐ |
| b. ജീവനക്കാർക്ക് ഫയർ എക്സ്റ്റിൻഗ്യൂഷർ ഉപയോഗിക്കുന്നതിന് പരിശീലനം നൽകിയിട്ടുണ്ടോ? | ☐ | ☐ |
| 3. 24 മണിക്കൂർ വെള്ളം നിറച്ച വാട്ടർ ടാങ്കർ സേവനം ഉറപ്പുവരുത്തിയിട്ടുണ്ടോ? | ☐ | ☐ |
| 4. വൈദ്യുതി ലഭ്യത | ☐ | ☐ |
| 5. ഇലക്ട്രിക്ക് ജനറേറ്റർ ലഭ്യത | ☐ | ☐ |
| 6. രാത്രി കാലങ്ങളിൽ വെളിച്ചം | ☐ | ☐ |
| 7. അപകട സാഹചര്യങ്ങളിൽ ഡംപ് സൈറ്റിന് അകത്തേക്ക് അഗ്നിശമന വാഹനം എത്തിച്ചേരുന്നതിനു ആവശ്യമായ വഴി (അക്സസ്സ്) | ☐ | ☐ |

| | | |
|---|---|---|
| 8. ജീവനക്കാർക്ക് ആവശ്യമായ ജീവൻ സുരക്ഷാ ഉപകരണങ്ങൾ & ഫസ്റ്റ് എയ്ഡ് ഉറപ്പാക്കിയിട്ടുണ്ടോ? | | |
| A. ജീവൻ സുരക്ഷാ ഉപകരണങ്ങൾ<br>a. മാസ്ക് / ഓക്സിജൻ മാസ്ക് | ☐ | ☐ |
| b. ഗംബൂട്ട് | ☐ | ☐ |
| c. ഗ്ലൗസ് | ☐ | ☐ |
| d. സേഫ്റ്റി ഹെൽമെറ്റ് | ☐ | ☐ |
| e. സേഫ്റ്റി ബോഡി ക്ലോത്തിംഗ് | ☐ | ☐ |
| B.ഫസ്റ്റ് എയ്ഡ് കിറ്റ് | ☐ | ☐ |
| 9. അഗ്നിബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ആയത് നിയന്ത്രിക്കുന്നതിന് ചുവടെ പറയുന്നവയുടെ ലഭ്യത ഉറപ്പാക്കുന്നതിന് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ? | | |
| a. സമീപമുള്ള ജലസ്രോതസ്സുകൾ | ☐ | ☐ |
| b. മണ്ണ് ലഭ്യമാക്കുന്നതിനുള്ള സ്രോതസ്സ് | ☐ | ☐ |
| c. ജെസിബി, ടിപ്പർ | ☐ | ☐ |
| d. വാട്ടർ ടാങ്കർ സർവീസ് | ☐ | ☐ |
| 10. ഡംപ് സൈറ്റിൻറെ ചുമതലയ്ക്കായി ഒരു ജീവനക്കാരനെ 24 x 7 സമയത്തേയ്ക്ക് നിയോഗിച്ചിട്ടുണ്ടോ? | ☐ | ☐ |
| a. 24 x 7 ഡ്യൂട്ടി ചാർട്ട് തയ്യാറാക്കിയിട്ടുണ്ടോ? | ☐ | ☐ |
| b. 24 x 7 ഡ്യൂട്ടി ചാർട്ട് ലോക്കൽ ബോഡി പ്രസിദ്ധീകരിച്ചിട്ടുണ്ടോ | ☐ | ☐ |

| | | |
|---|---|---|
| 11. ഡംപ് സൈറ്റിൽ എത്തിച്ചേരുന്ന വാഹനങ്ങളുടെയും സന്ദർശകരുടെയും ലോഗ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ☐ | ☐ |
| 12. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് താഴെ പറയുന്ന വിഭാഗങ്ങളുടെ ഫോൺ നമ്പറുകൾ ശേഖരിച്ച് ഡംപ്സൈറ്റിനു സമീപമുള്ള വീടുകൾ/ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ ? | ☐ | ☐ |
| 13. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് താഴെ പറയുന്ന വിഭാഗങ്ങളുടെ ഫോൺ നമ്പറുകൾ ശേഖരിച്ച് ഡംപ്സൈറ്റിനു സമീപം ബോർഡ് സ്ഥാപിച്ചിട്ടുണ്ടോ? | ☐ | ☐ |
| 14. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് താഴെ പറയുന്ന വിഭാഗങ്ങളുടെ ഫോൺ നമ്പറുകൾ ശേഖരിച്ച് തദ്ദേശസ്ഥാപനത്തിൻ്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ? | ☐ | ☐ |
| a. ജില്ലാ കളക്ടറേറ്റ്/ ജില്ലാ ദുരന്തനിവാരണ അതോറിറ്റി | ☐ | ☐ |
| b. ഫയർഫോഴ്സ് | ☐ | ☐ |
| c. പോലീസ് | ☐ | ☐ |
| d.<br>e. തദ്ദേശ സ്ഥാപന നോഡൽ ഓഫീസർ | ☐ | ☐ |
| f. ജനപ്രതിനിധികൾ | ☐ | ☐ |

| | | |
|---|---|---|
| g. എമർജൻസി റെസ്പോൻസ് ടീം | ☐ | ☐ |
| h. ആംബുലൻസ് | ☐ | ☐ |
| i. ആശുപത്രി | ☐ | ☐ |
| 15. അഗ്നിബാധ കണ്ടെത്തുന്നതിനും അടിയന്തിര സാഹചര്യം നേരിടുന്നതിനും തൊഴിലാളികൾക്ക് പരിശീലനം നൽകിയിട്ടുണ്ടോ ? | ☐ | ☐ |
| 16. എമർജൻസി റെൻസ്പോൺസ് ടീം രൂപീകരിച്ചിട്ടുണ്ടോ? | ☐ | ☐ |
| 17. പോലീസ് നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടോ ? | ☐ | ☐ |
| 18. ഡംപ് സൈറ്റ് 'ബീറ്റ്' ചാർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | ☐ | ☐ |
| 19. മാലിന്യ നിക്ഷേപം നടക്കുന്നില്ല എന്ന് ഉറപ്പാക്കിയിട്ടുണ്ടോ | ☐ | ☐ |

2. എം.സി.എഫ്/ ആർ.ആർ.എഫ് അഗ്നി സുരക്ഷാ ചെക്ക് ലിസ്റ്റ്

| അഗ്നിസുരക്ഷാ സംവിധാനങ്ങൾ/സൗകര്യങ്ങൾ/നടപടികൾ | ഉണ്ട് | ഇല്ല |
|---|---|---|
| 1. CCTV സംവിധാനം | | |
| a. എം.സി.എഫ്/ ആർ.ആർ.എഫ് പൂർണമായി ലഭിക്കുന്ന രീതിയിൽ ഏർപ്പെടുത്തിയിട്ടുണ്ടോ? | ☐ | ☐ |
| b. നൈറ്റ് വിഷൻ ക്യാമറ | ☐ | ☐ |
| c. 30 ദിവസം തുടർച്ചയായി റെക്കാർഡ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള സൗകര്യം | ☐ | ☐ |
| 2. ഫയർ എക്സ്റ്റിൻഗ്യൂഷർ | | |
| a. ഫയർഫോഴ്സ് അധികൃതർ നിർദ്ദേശിച്ച പ്രകാരമുള്ള ഫയർ എക്സ്റ്റിൻഗ്യൂഷർ അടിയന്തര സാഹചര്യം നേരിടുന്നതിന് ലഭ്യമാണോ? | ☐ | ☐ |
| b. ജീവനക്കാർക്ക് ഫയർ എക്സ്റ്റിൻഗ്യൂഷർ ഉപയോഗിക്കുന്നതിന് പരിശീലനം നൽകിയിട്ടുണ്ടോ? | ☐ | ☐ |
| 3. വെള്ളം നിറച്ച വാട്ടർ ടാങ്കിൻ്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടോ? | ☐ | ☐ |
| 4. ഓപ്പൺ വയറിങ്, ഷോർട്ട് സർക്യൂട്ട് ഉണ്ടാകാനുള്ള സാഹചര്യം ഇല്ല എന്ന് ഉറപ്പാക്കിയിട്ടുണ്ടോ ? | ☐ | ☐ |
| 5. വൈദ്യുത ഉപകരണങ്ങളിൽ നിന്നും മറ്റ് അപകട സാധ്യതയുള്ള വസ്തുക്കളിൽ നിന്നും സുരക്ഷിത അകലം പാലിച്ചാണ് പാഴ് വസ്തുക്കൽ സൂക്ഷിക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ? | ☐ | ☐ |
| 6. വൈദ്യുതി ലഭ്യത | ☐ | ☐ |

| | | |
|---|---|---|
| 7. ഇലക്ട്രിക്ക് ജനറേറ്റർ ലഭ്യത | ☐ | ☐ |
| 8. രാത്രി കാലങ്ങളിൽ വെളിച്ചം | ☐ | ☐ |
| 9. അപകട സാഹചര്യങ്ങളിൽ എം.സി.എഫ്. / ആർ. ആർ. എഫ് ന് സമീപത്തേയ്ക്ക് അഗ്നിശമന വാഹനം എത്തിച്ചേരുന്നതിനു ആവശ്യമായ വഴി (അക്സസ്സ്) | ☐ | ☐ |
| 10. ജീവനക്കാർക്ക് ആവശ്യമായ ജീവൻ സുരക്ഷാ ഉപകരണങ്ങൾ & ഫസ്റ്റ് എയ്ഡ് ഉറപ്പാക്കിയിട്ടുണ്ടോ? | ☐ | ☐ |
| A ജീവൻ സുരക്ഷാ ഉപകരണങ്ങൾ<br>a. മാസ്ക് / ഓക്സിജൻ മാസ്ക് | ☐ | ☐ |
| b. ഗംബൂട്ട് | ☐ | ☐ |
| c. ഗ്ലൗസ് | ☐ | ☐ |
| d. സേഫ്റ്റി ഹെൽമെറ്റ് | ☐ | ☐ |
| e. സേഫ്റ്റി ബോഡി ക്ലോത്തിംഗ് | ☐ | ☐ |
| B . ഫസ്റ്റ് എയ്ഡ് കിറ്റ് | ☐ | ☐ |
| 11. അഗ്നിബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ആയത് നിയന്ത്രിക്കുന്നതിന് ചുവടെ പറയുന്നവയുടെ ലഭ്യത ഉറപ്പാക്കുന്നതിന് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ? | ☐ | ☐ |
| a. സമീപമുള്ള ജലസ്രോതസ്സുകൾ | ☐ | ☐ |
| b. ജെസിബി, ടിപ്പർ | ☐ | ☐ |
| c. വാട്ടർ ടാങ്കർ സർവീസ് | ☐ | ☐ |
| 12. എം.സി.എഫ്. / ആർ. ആർ. എഫ്. ൻറെ ചുമതലയ്ക്കായി ഒരു ജീവനക്കാരനെ 24 x 7 സമയത്തേയ്ക്ക് നിയോഗിച്ചിട്ടുണ്ടോ? | ☐ | ☐ |

| | | |
|---|---|---|
| a. 24 x 7 ഡ്യൂട്ടി ചാർട്ട് തയ്യാറാക്കിയിട്ടുണ്ടോ? | ☐ | ☐ |
| b. 24 x 7 ഡ്യൂട്ടി ചാർട്ട് ലോക്കൽ ബോഡി പ്രസിദ്ധീകരിച്ചിട്ടുണ്ടോ | ☐ | ☐ |
| 13. എം.സി.എഫ്. / ആർ. ആർ. എഫ്-ൽ എത്തിച്ചേരുന്ന വാഹനങ്ങളുടെയും സന്ദർശകരുടെയും ലോഗ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ☐ | ☐ |
| 14. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് താഴെ പറയുന്ന വിഭാഗങ്ങളുടെ ഫോൺ നമ്പറുകൾ ശേഖരിച്ച് എം.സി.എഫ്. / ആർ. ആർ. എഫ് – ന് സമീപമുള്ള വീടുകൾ/ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ ? | ☐ | ☐ |
| 15. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് താഴെ പറയുന്ന വിഭാഗങ്ങളുടെ ഫോൺ നമ്പറുകൾ ശേഖരിച്ച് എം.സി.എഫ്. / ആർ. ആർ. എഫ് – ന് സമീപം ബോർഡ് സ്ഥാപിച്ചിട്ടുണ്ടോ? | ☐ | ☐ |
| 16. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് താഴെ പറയുന്ന വിഭാഗങ്ങളുടെ ഫോൺ നമ്പറുകൾ ശേഖരിച്ച് തദ്ദേശസ്ഥാപനത്തിൻ്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ? | ☐ | ☐ |
| a. ജില്ലാ കളക്ടറേറ്റ്/ ജില്ലാ ദുരന്തനിവാരണ അതോറിറ്റി | ☐ | ☐ |
| b. ഫയർഫോഴ്സ് | ☐ | ☐ |
| c. പോലീസ് | ☐ | ☐ |
| d. തദ്ദേശ സ്ഥാപന നോഡൽ ഓഫീസർ | ☐ | ☐ |
| e. ജനപ്രതിനിധികൾ | ☐ | ☐ |

| | | |
|---|---|---|
| f. എമർജൻസി റെസ്പോൻസ് ടീം | ☐ | ☐ |
| g. ആംബുലൻസ് | ☐ | ☐ |
| h. ആശുപത്രി | ☐ | ☐ |
| 17. അഗ്നിബാധ കണ്ടെത്തുന്നതിനും അടിയന്തിര സാഹചര്യം നേരിടുന്നതിനും തൊഴിലാളികൾക്ക് പരിശീലനം നൽകിയിട്ടുണ്ടോ ? | ☐ | ☐ |
| 18. എമർജൻസി റെൻസ്പോൺസ് ടീം രൂപീകരിച്ചിട്ടുണ്ടോ? | ☐ | ☐ |
| 19. പോലീസ് നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടോ ? | ☐ | ☐ |
| 20. എം.സി.എഫ്. / ആർ. ആർ. എഫ് ബീറ്റ് ചാർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | ☐ | ☐ |